പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2218 — 11.02.2020 - ൽ മറുപടിക്ക്.

## പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സി. കമറുദ്ദീൻ**<br>**,, സി.മമ്മൂട്ടി**<br>**,, മഞ്ഞളാംകുഴി അലി**<br>**,, പി.ഉബൈദുള്ള :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദമാക്കുമോ; | **(എ) യും (ബി) യും** ഇല്ല. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു. |
| **(ബി)** സാങ്കേതികമായ തടസ്സം ഒഴിവാക്കി ഇത്തരക്കാർക്കും റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**